**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5708** **08-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷ പെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സേവന പെൻഷൻ വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് നൽകാത്തതിലൂടെ മസ്റ്ററിംഗ് പരാജയപ്പെട്ടവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി പെൻഷൻ തുടർന്ന് ലഭിക്കുന്നതിനുള്ള അവസരം നിലവിൽ സർക്കാർ മരവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഉണഭോക്താക്കൾക്കായി ഏർപ്പെടുത്തിയ ബയോമെടിക് മസ്റ്ററിംഗ് പരാജയപ്പെടുന്ന അവസരത്തിലാണ് ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ/ ക്ഷേമനിധി ബോർഡിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. 'ജീവൻ രേഖ' സോഫ്റ്റ് വെയർ മുഖേന അനുവദിച്ചിരുന്ന ഈ ക്രമീകരണം മസ്റ്ററിംഗിനായി വീണ്ടും സമയം അനുവദിക്കുന്ന അവസരത്തിൽ മാത്രമേ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുകയുള്ളൂ. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | സേവന പെൻഷൻ വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | (B) പിരിവിനുള്ള മറുപടി (A) പിരിവിൽ ലഭ്യമാക്കിയിരിക്കുന്നു. |
| (സി) | മസ്റ്ററിംഗ് പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് അതിനുള്ള ബദൽ സൗകര്യം ഏർപ്പെടുത്തി 2019 ഡിസംബർ മുതൽ മുടങ്ങിക്കിടക്കുന്ന പെൻഷനുകൾ കുടിശ്ശിക തീർത്ത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അവസരത്തിൽ പെൻഷൻ തുടർന്നു ലഭിക്കുന്നതും കുടിശ്ശിക നൽകുന്ന വിഷയം പിന്നീട് പരിശോധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ